**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3682** — **20.10.2016 ൽ മറുപടിയ്ക്ക്**

## സ്കൂളുകൾ ഏറ്റെടുത്ത നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എ.യു.പി. സ്കൂൾ, പാലാട്ട് എ.യു.പി. സ്കൂൾ, മലപ്പുറം ജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ കൂടാതെ തൃശ്ശൂർ ജില്ലയിലെ കിരാലൂർ പി.എം.എൽ.പി. സ്കൂൾ എന്നിവ നേരത്തേ സർക്കാർ ഏറ്റെടുത്ത് വിജ്ഞാപനം ഇറക്കിയിരുന്നോ; | (എ) | മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം. എൽ.പി. സ്കൂൾ, തൃശ്ശൂർ എന്നീ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുളള വിജ്ഞാപനം 27.07.2016 - ലെ സ.ഉ. (പി) നം. 122/16/പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം 1332 - ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ട-പരിഹാരം തീരുമാനിച്ച് ഉറപ്പി-ക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 03.8.16 - ലെ സ.ഉ. (പി) നം. 132/16/പൊ.വി.വ സർക്കാർ ഉത്തരവു പ്രകാരം 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നാലു സ്കൂളുകൾ ഏറ്റെടുത്ത നടപടി ഇപ്പോൾ റദ്ദ് ചെയ്തിട്ടുണ്ടോ; | (ബി) യും (സി) യും | സ്കൂളുകൾ ഏറ്റെടുത്ത നടപടി റദ്ദ് ചെയ്തിട്ടില്ല. ടി സ്കൂൾ നടത്തിവന്ന മാനേജർമാർ സർക്കാർ നടപടിക്കെതിരെ കോടതിയെ സമീപിച്ചത് സ്കൂൾ ഏറ്റെടുക്കുന്നതിന് കാലതാമസം വരുത്തുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) | എങ്കിൽ ഇങ്ങനെ നിലപാടെടുക്കാനുണ്ടായ സാഹചര്യമെന്താണ്; വിശദാംശങ്ങൾ നൽകുമോ; | | |

(ഡി) സ്കൂളുകൾ ഏറ്റെടുത്ത് നേരത്തെ ഇറക്കിയ വിജ്ഞാപനം ഭേദഗതി ചെയ്യുക ഉണ്ടായോ; എങ്കിൽ ഭേദഗതി ചെയ്ത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി) സ്കൂളുകൾ പൂർണ്ണമായി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും ആയതിന്റെ നടപടിക്രമം നിരീക്ഷിക്കുന്നതിനും ആവശ്യമായ സമയം വേണമെന്ന് സർക്കാർ കരുതുന്ന സാഹചര്യത്തിലാണ് നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ സ്ക്കൂളുകൾ സർക്കാരിൽ പൂർണ്ണമായും നിക്ഷിപ്തമായിരിക്കുമെന്ന തരത്തിൽ 27.07.2016-ലെ വിജ്ഞാപനം ഭേദഗതി ചെയ്ത് 3.8.16- ലെ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഭേദഗതി ചെയ്ത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

Priya

സെക്ഷൻ ഓഫീസർ